പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1403** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വനിതാ ശിശുക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കൗമാരക്കാരായ പെൺകുട്ടികൾക്കായി വനിതാശിശു വികസന വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ് വിശദമാക്കുമോ?

**<u>മറുപടി:</u>** കൗമാരക്കാരായ പെൺകുട്ടികൾക്കായി വനിതാശിശു വികസന വകുപ്പ് നിലവിൽ **സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി, സൈക്കോസോഷ്യൽ സർവീസ് പദ്ധതി,സ്റ്റേറ്റ് നിർഭയ സെൽ -പദ്ധതി** എന്നിവ നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചുവടെ ചേർക്കുന്നു.

**<u>1)സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി :</u>** ആസ്പിറേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ പോഷണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ nutritional component ഇനത്തിലും IFA supplementation, ആരോഗ്യ പരിശോധന, referral service, ആരോഗ്യ പോഷണ വിദ്യാഭ്യാസം, നൈപുണ്യവികസനം തുടങ്ങിയവ Non nutrition Component ഇനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പദ്ധതി വയനാട് ജില്ലയിലെ ബന്ധപ്പെട്ട LSGIs മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

**<u>2)സൈക്കോസോഷ്യൽ സർവീസ് പദ്ധതി:</u>** കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽനൽകിക്കൊണ്ട് സംസ്ഥാനത്തെ വനിത ശിശുവികസന വകുപ്പ് വഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ സർവീസ് പദ്ധതി. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 1012 സ്കൂളുകളിലായി 1012 സ്കൂൾ കൗൺസിലർമാർ സേവനമനുഷ്ഠിച്ച് വരുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ, പഠന നിലവാരം മുൻനിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. അതോടൊപ്പം തന്നെ അവശ്യഘട്ടങ്ങളിൽ കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുന്നതിന് രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്നതിന് പാരന്റിംഗ് പരിശീലനത്തിലൂടെ കൗൺസിലർമാരുടെ

സഹായം ലഭ്യമാക്കുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ മുതലായവ കേന്ദ്രീകരിച്ച് വ്യക്തിഗത/ഗ്രൂപ്പ് കൗൺസലിംഗ്, നിയമ പരിരക്ഷ സംബന്ധിച്ച ബോധവത്ക്കരണം എന്നിവ കൗൺസിലർമാർ ഈ പദ്ധതിവഴി നൽകി വരുന്നു.

**3)സ്റ്റേറ്റ് നിർഭയ സെൽ -പദ്ധതി:** വനിത ശിശുവികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയസെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന നയപരിപാടിയാണ് നിർഭയനയം. . നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ ലക്ഷ്യമിടുന്നത്. ലൈംഗിക അതിക്രമ അതിജീവിതരായ കുട്ടികളെ സ്വന്തം വീട്ടിലോ സമൂഹത്തിലോ പാർപ്പിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളിൽ ഒരു ജില്ലയിൽ ഒന്നു വീതം 14 എൻട്രി ഹോം ഫോർ ഗേൾസ് പ്രവർത്തിച്ചുവരുന്നു.

ഉന്നത പഠനത്തിന് താൽപ്പര്യമില്ലാത്തവരും പതിനേഴര വയസ്സിന് താഴെയുള്ളവരും വീട്ടുകളിലേക്ക് തിരിച്ച്പോകാൻ സാധിക്കാത്തതുമായ അതിജീവിതരായ പെൺകുട്ടികളുടെ ദീർഘകാല പുനരധിവാസം ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ തേജോമയ ആഫ്റ്റർ കെയർ പദ്ധതി നടപ്പിലാക്കി വരുന്നു.എൻട്രി ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും പ്രത്യേക പരിചരണം നൽകുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലയിൽ ഇന്റഗ്രേറ്റഡ് കെയർ സെന്റർ പ്രവർത്തിച്ചുവരുന്നു.

എൻട്രി ഹോം ഫോർ ഗേൾസിൽ താമസിക്കുന്ന കുട്ടികളെ 3 മാസത്തിനുള്ളിൽ പുനരധിവാസ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അവരുടെ പഠനവും ജീവിതനൈപുണ്യവും മറ്റും ഉറപ്പുവരുത്തുന്നതിനുവേണ്ടി തൃശ്ശൂർ ജില്ലയിൽ മോഡൽ ഹോം പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ 12-18 വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും നൽകി സംരക്ഷിച്ചു പോരുന്നു.

12 വയസ്സിന് താഴെയുള്ള അതിജീവിതർക്ക് ഭവനാന്തരീക്ഷം നൽകി പരിപാലിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ എസ്.ഒ.എസ്. മോഡൽ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. വിവിധ ഹോമുകളിലെ താമസക്കാരിൽ പെരുമാറ്റ വൈകല്യം മുതൽ ഗുരുതരമായ മാനസിക രോഗങ്ങൾക്ക് വരെ ചികിത്സ ലഭ്യമാക്കേണ്ടി വരുന്ന കുട്ടികൾക്ക് ശിശു സൗഹാർദ്ദമായ അന്തരീക്ഷത്തിൽ ചികിത്സയും പ്രത്യേക പരിചരണവും നൽകി സാധാരണ ജീവിതത്തിലേക്ക് തിരികെ എത്തിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ ഹോം ഫോർ മെന്റൽ ഹെൽത്തിൽ സേവനം നൽകി വരുന്നു.

18 വയസ്സ് കഴിഞ്ഞ അംഗങ്ങളെ പ്രത്യേകം താമസിപ്പിച്ച് പുനരധിവാസവും പുനരേകീകരണവും സാദ്ധ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഓരോ ആഫ്റ്റർ കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. എസ്.ഒ.എസ്. മോഡൽ ഹോമിലും എൻട്രി ഹോം ഫോർ ഗേൾസിലും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ മറ്റ് കുട്ടികളോടൊപ്പം താമസിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കൃത്യമായ രീതിയിലുള്ള അവരുടെ വികസനം ഉറപ്പുവരുത്തുന്നതിനുവേണ്ടി അവർക്ക് കൃത്യമായ പരിചരണം ലഭിക്കുന്നതിനുവേണ്ടിയും ഓരോ കുട്ടികൾക്കുവേണ്ടിയും അവരുടെ കഴിവിനനുസരിച്ചുള്ള തൊഴിൽ പരിശീലനവും ജീവിതനൈപുണ്യവും ലഭ്യമാക്കുവാൻ വേണ്ടി സ്പെഷ്യൽ നീഡ്സ് ഹോം തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

നമ്മുടെ സമൂഹത്തിൽ ഇന്ന് സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുക, മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെക്കുറിച്ച് ബോധവതികളാക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെ **ധീര** എന്ന പേരിൽ വനിതശിശുവികസന വകുപ്പ് നിർഭയസെൽ മുഖാന്തിരം പോലീസ് സെൽഫ് ഡിഫെൻസ് ട്രെയിനർമാർ മുഖേന പഞ്ചായത്ത് തലത്തിൽ പ്രതിരോധ പരിശീലനം അഭ്യസിപ്പിക്കുന്നതിലേക്ക് ധീര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്കുള്ള അടിയന്തിര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് **ആശ്വാസനിധി.**

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെയും സാമൂഹികാധിഷ്ഠിത പുനരധിവാസം ലക്ഷ്യമിടുന്ന പദ്ധതിയായ കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്ട് (കാവൽ പ്ലസ്) 14 ജില്ലകളിലും നടപ്പിലാക്കിവരുന്നു. അതിജീവിതരായ കുട്ടികൾക്ക് ആവശ്യമായ അടിയന്തിര മാനസികശാരീരിക ആരോഗ്യ പിന്തുണ സാധ്യമാക്കി അവരെ മുഖ്യധാരയിലേക്ക് അതിവേഗം കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ട് പ്രാഥമിക വിലയിരുത്തൽ പദ്ധതിയും നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർ മുഖേനെ പോക്സോ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ട കുട്ടിയുടെ ആരോഗ്യ-കുടുംബ-മാനസിക ചുറ്റുപാടുകൾ പ്രാഥമിക വിലയിരുത്തലിലൂടെ മനസ്സിലാക്കുകയും അതിനനുസരിച്ചുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം , പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പാക്കി വരുന്ന വൺസ്റ്റോപ്പ്സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ഐ.ഇ.സി (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ) പ്രകാരം ബോധവൽക്കരണ ക്ലാസ്സുകൾ, അങ്കണവാടികൾ, കുടുംബശ്രീ, പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പിലെ നഴ്സുമാർ, പൊതുജനങ്ങളിൽ കൗമാരക്ലബ്ബുകൾ, സ്കൂൾ, കോളേജ് തുടങ്ങിയ ഇടങ്ങളിൽ കൃത്യമായ ഇടവേളകളിൽ നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**